**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 242** **01-03-2023 - ൽ മറുപടിയ്ക്ക്**

**ഭൂരേഖകൾ ഡിജിറ്റൈസ് ചെയ്ത് കമ്പ്യൂട്ടർ ശൃംഖലയിൽ ലഭ്യമാക്കാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി ശാന്തകുമാരി കെ.,<br>ശ്രീ. എ. പ്രഭാകരൻ,<br>ഡോ സുജിത് വിജയൻപിള്ള,<br>ശ്രീ ജി സ്റ്റീഫൻ | | ശ്രീ. കെ. രാജൻ<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് ഭൂരേഖകളുടെ കൃത്യത ഉറപ്പാക്കുന്നതിനായുള്ള റീസർവേ നടന്ന പ്രദേശങ്ങളിൽ നിരവധി വർഷങ്ങളായി കൈവശം വച്ചുകൊണ്ടിരിക്കുന്ന ഭൂമി രേഖയിൽ ഉള്ളതിലും അധികം കാണുന്നപക്ഷം അത് സർക്കാർഭൂമി കൈയ്യേറിയതല്ലെന്ന് വ്യക്തതയുണ്ടാകുമ്പോഴും കൈവശക്കാരന് അവകാശം നൽകുന്നില്ലെന്ന വിഷയം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് പരിഹരിക്കാൻ നടപടി സ്വീകരിക്കുമോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. റീസർവ്വെയിൽ വിസ്തീർണ്ണ വർദ്ധനവ് കാണുന്ന കേസുകളിൽ റീസർവ്വെയ്ക്ക് മുമ്പ് ആധാര പ്രകാരം പോക്ക് വരവ് ചെയ്തു കരമൊടുക്കി വന്നതിന്റെ അടിസ്ഥാനത്തിലും, വിസ്തീർണ്ണം കുറവുള്ള കേസുകളിൽ കൈവശത്തിലുള്ള ഭൂമിക്കും, കരം ഒടുക്കി നൽകുന്നതിന് സമ്മതമാണെന്ന് അറിയിച്ചുകൊണ്ട്, ബന്ധപ്പെട്ട കക്ഷി ഡിക്ലറേഷൻ നൽകുന്ന സംഗതിയിൽ, അവയ്ക്ക് കരം തീർത്ത് നൽകുന്നതിന് 21-04-2022 ലെ സ.ഉ(കൈ) നം. 110/2022/റവ നമ്പർ ഉത്തരവ് പ്രകാരം അനുമതി നൽകിയിട്ടുണ്ട്.<br>കൂടാതെ സംസ്ഥാനത്ത് ആരംഭിച്ചിട്ടുള്ള ഡിജിറ്റൽ സർവ്വെ പദ്ധതിയുടെ ഭാഗമായി സ്വകാര്യ വ്യക്തികളുടെ ഭൂമിയുടെ വിസ്തീർണ്ണം കൈവശ രേഖയിൽ ഉള്ളതിനേക്കാൾ കൂടുതലാണെന്ന് കണ്ടെത്തിയാൽ സർക്കാരിന്റെ ഉടമസ്ഥതയിലില്ലാത്തതും തർക്കമില്ലാത്തതുമായ അധിക ഭൂമിക്ക് ഉടമസ്ഥത നൽകുന്ന വിഷയത്തിൽ ഒരു സെറ്റിൽമെന്റ് സംവിധാനത്തിലൂടെ ആയത് ക്രമീകരിക്കുന്നതിനുള്ള സാധ്യതകൾ പരിശോധിച്ചുവരുന്നതും ആയതിന് നിയമ പ്രാബല്യം നൽകുന്നതിനായി സെറ്റിൽമെന്റ് ആക്ടിന്റെ കരട് സർക്കാർ പരിഗണനയിലുമാണ്. ടി ആക്ടുമായി ബന്ധപ്പെട്ട് ആശയങ്ങൾ പങ്കുവയ്ക്കുന്നതിന് വിവിധ സംസ്ഥാനങ്ങളിലെ വിഷയ വിദഗ്ധരെ ഉൾപ്പെടുത്തി ഒരു ഏകദിന ശില്പശാല 20/02/2023 ൽ സംഘടിപ്പിച്ചിട്ടുള്ളതുമാണ്. |
| (ബി) | പുതുതായി ആരംഭിച്ചിട്ടുള്ള ഡിജിറ്റൽ റീസർവേയിൽ ഭൂവുടമസ്ഥരുടെ സാന്നിദ്ധ്യത്തിൽ സർവേ മാപ് തയ്യാറാക്കി പരാതി പരിഹരിക്കാൻ സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ടോ; എങ്കിൽ ഇതിനായി | (ബി) | പൂർണ്ണമായും പൊതുജന പങ്കാളിത്തത്തോടെയാണ് ഡിജിറ്റൽ സർവ്വെ നടത്തുന്നത്. അത്യാധുനിക സർവ്വെ ഉപകരണങ്ങളായ Continuously Operating Reference Station (CORS), Real |

| | | | |
|---|---|---|---|
| | നിയമത്തിൽ ഭേദഗതി വരുത്തുവാൻ ഉദ്ദേശിക്കുന്നുണ്ടോ; | | Time Kinematic Rover, Robotic Total Station, Tablet PC, എന്നിവ ഉപയോഗിച്ച് പൂർണ്ണമായും സോഫ്റ്റ് വെയർ അധിഷ്ഠിതമായി സർവ്വെ നടത്തി കൃത്യതയാർന്ന റെക്കാർഡുകൾ തയ്യാറാക്കുന്നതിനുള്ള നടപടികളാണ് ഡിജിറ്റൽ സർവ്വെ പദ്ധതിയുടെ ഭാഗമായി സ്വീകരിച്ചിട്ടുള്ളത്. ഗ്രാമ സഭകളുടെ മാതൃകയിൽ വാർഡു തലങ്ങളിൽ സർവ്വെ സഭകൾ കൂടി ഡിജിറ്റൽ സർവ്വെ പദ്ധതിയിൽ ഭൂവുടമസ്ഥർക്ക് ഡിജിറ്റൽ സർവ്വെ പദ്ധതിയെ സംബന്ധിച്ചും, ഭൂവടമസ്ഥരുടെ പങ്കാളിത്തത്തെ കുറിച്ചും വിശദീകരിച്ച് നൽകിയിട്ടുണ്ട്. കൂടാതെ SMS സംവിധാനം ഉപയോഗിച്ച് സർവ്വെ ചെയ്യുന്ന ദിവസത്തെ സംബന്ധിച്ച വിവരങ്ങൾ ഭൂവുടമസ്ഥരെ അറിയിക്കുന്നതിനുള്ള സംവിധാനവും ഡിജിറ്റൽ സർവ്വെ പദ്ധതിയുടെ ഭാഗമായി ഏർപ്പെടുത്തിയിട്ടുണ്ട്. പദ്ധതിയെ സംബന്ധിച്ച എല്ലാ വിവരങ്ങളും എന്റെ ഭൂമി പോർട്ടലിൽ നൽകിയിട്ടുള്ളതും പൊതുജനങ്ങൾക്ക് ഇത് പരിശോധിക്കാവുന്നതുമാണ്. ഇപ്രകാരം സാധ്യമായ എല്ലാ നടപടികളും സ്വീകരിച്ച് സർവ്വെ സമയത്ത് ഭൂവുടമസ്ഥരുടെ സാന്നിദ്ധ്യം ഉറപ്പാക്കുന്നതിനുള്ള നടപടികൾ ഡിജിറ്റൽ സർവ്വെ പദ്ധതിയുടെ ഭാഗമായി സ്വീകരിച്ചുവരുന്നു.<br>നിലവിൽ ഡിജിറ്റൽ സർവ്വെ ആരംഭിച്ചിട്ടുള്ള 200 വില്ലേജുകളുടെ റവന്യൂ കണക്കിൻ പ്രകാരമുള്ള ഭൂവുടമസ്ഥരുടെ വിവരം എന്റെ ഭൂമി പോർട്ടലിൽ നൽകിയിട്ടുണ്ട്. ഇത് ബന്ധപ്പെട്ട ഭൂവുടമക്ക് പരിശോധിക്കുന്നതിനും അപാകത ഉള്ള പക്ഷം പോർട്ടൽ മുഖേന തന്നെ ബന്ധപ്പെട്ട അധികാരികളുടെ ശ്രദ്ധയിൽപ്പെടുത്തുന്നതിനും സാധിക്കുന്നതുമാണ്. റീസർവ്വെ സമയത്തും, സർവ്വെ പൂർത്തിയായതിന് ശേഷവും റിക്കാർഡുകളിൽ അപാകതയുണ്ടെങ്കിൽ അയത് റിപ്പോർട്ട് ചെയ്യുന്നതിനുമുള്ള സംവിധാനവും എന്റെ ഭൂമി പോർട്ടലിൽ നൽകിയിട്ടുണ്ട്. കൂടാതെ നിലവിലെ സർവ്വെ റവന്യൂ നിയമ സംവിധാനത്തിലൂടെ മാത്രം പരിഹരിക്കാൻ സാധിക്കാത്ത അപാകതകൾ പരിഹരിക്കുന്നതിന് ഒരു സെറ്റിൽമെന്റ് സംവിധാനം കൊണ്ടുവരുന്നതിനുള്ള സാധ്യതകൾ കൂടി പരിശോധിച്ചുവരുന്നു. |
| (സി) | പരമ്പരാഗതമായി റീസർവേ പൂർത്തിയാക്കിയ 116 വില്ലേജുകളിലെ ഉൾപ്പെടെയുള്ള ഭൂരേഖകൾ ഡിജിറ്റൈസ് ചെയ്ത് കമ്പ്യൂട്ടർ ശൃംഖലയിൽ ലഭ്യമാക്കാൻ നടപടിയെടുത്തിട്ടുണ്ടോ; വിശദമാക്കാമോ? | (സി) | സംസ്ഥാനത്ത് ആകെയുള്ള 1666 വില്ലേജുകളിൽ 1550 വില്ലേജുകളിലാണ് ഡിജിറ്റൽ സർവ്വെ നടത്താൻ തീരുമാനിച്ചിട്ടുള്ളത്. ബാക്കിയുള്ള 116 വില്ലേജുകളിൽ ആധുനിക രീതിയിൽ ഇലക്ട്രോണിക് ടോട്ടൽ സ്റ്റേഷൻ മെഷീൻ ഉപയോഗിച്ച് |

| | | | |
|---|---|---|---|
| | | | ഇതിനോടകം ഡിജിറ്റൽ സർവ്വെ പൂർത്തിയായിട്ടുള്ളതും/ പുരോഗതിയിലുമായതിനാലാണ് പുതിയ ഡിജിറ്റൽ സർവ്വെ പദ്ധതിയിൽ നിന്നും ഒഴിവാക്കിയിട്ടുള്ളത്. ഇപ്രകാരമുള്ള 116 വില്ലേജുകളും ഡിജിറ്റൽ സർവ്വെ പദ്ധതിയുടെ ഭാഗമാക്കുന്നത് പരിശോധിക്കുന്നതും ടി വില്ലേജുകളുടെ രേഖകളും ഡിജിറ്റൈസ് ചെയ്യുന്നതിനുള്ള നടപടികളും സ്വീകരിക്കുന്നതായിരിക്കും. |

സെക്ഷൻ ഓഫീസർ